**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3947** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . സണ്ണി ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് സാങ്കേതിക കാരണം പറഞ്ഞ് അർഹമായ ധനസഹായം നിഷേധിക്കാൻ പാടില്ലായെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള കോടതി മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളം തുടക്കം മുതൽക്ക് തന്നെ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ ജില്ലാതലത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. 30/06/2021-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം |

പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17- വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും, ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി G.O. (Rt) No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സംസ്ഥാനതല കമ്മിറ്റി രൂപീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ. കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി

| | | | |
|---|---|---|---|
| | | | ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിന് 22/10/2021- ലെ സ.ഉ.(കൈ)203/2021/റ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | കേരളം തുടക്കം മുതൽക്ക് തന്നെ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ ജില്ലാതലത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. 30/06/2021-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ |

പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17- വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും, ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി G.O. (Rt) No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സംസ്ഥാനതല കമ്മിറ്റി രൂപീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ. കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിന്

| | | | |
|---|---|---|---|
| | | | 22/10/2021- ലെ സ.ഉ.(കൈ)203/2021/റ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | കോവിഡ് ബാധിച്ച് മുപ്പത് ദിവസത്തിനുള്ളിൽ മരണപ്പെട്ട എല്ലാ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കണം എന്ന് കോടതി വിധിയിൽ നിഷ്കർഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കൂടുതൽ കോവിഡ് മരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദ വിവരം നൽകാമോ? | (സി) | കേരളം തുടക്കം മുതൽക്ക് തന്നെ ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ ജില്ലാതലത്തിൽ ജില്ലാ സർവൈലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. 30/06/2021-ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെയും സെപ്റ്റംബർ 3-ലെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടിക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയത് അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും, കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പു വരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | | കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്. 2020 ജനുവരി 30 മുതൽ 2021 ജൂൺ 17- വരെ കാലഘട്ടത്തിൽ മരണപ്പെട്ടതും, ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മരണപ്പട്ടികയിൽ ഉൾപ്പെടാത്തതുമായ കോവിഡ് മരണങ്ങൾ ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി G.O. (Rt) No. 2219/2021/H&FWD, dated 14-10-2021 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതു പ്രകാരം 18/06/2021 ന് മുൻപ് ഉണ്ടായിട്ടുള്ള കോവിഡ് മരണങ്ങളിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കാത്ത മരണങ്ങൾ കണ്ടെത്തുവാനും അവ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സംസ്ഥാനതല കമ്മിറ്റി രൂപീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ മാത്രമേ കോവിഡ് മരണങ്ങളുടെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ. കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. കോവിഡ് ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000/- രൂപ വീതം, ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 3 വർഷ കാലയളവിലേയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതിന് 22/10/2021- ലെ സ.ഉ.(കൈ)203/2021/റ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ